## 965

*രീതി: അറിയുന്നല്ലോ നാഥൻ*

1 വരുന്നുവല്ലോ നാഥൻ വരുന്നുവല്ലോ!
വാനമേഘത്തേരിലേറി വരുന്നുവല്ലോ!
അത്തിവൃക്ഷം തളിർത്തല്ലോ വേനലായല്ലോ
പുത്തനെരൂശലേമതിൽ എത്തിടാമല്ലോ!

2 നാളു വന്നല്ലോ! നല്ല നാളു വന്നല്ലോ!
നമ്മളെല്ലാമൊത്തു ചേരും നാളു വന്നല്ലോ!
കാട്ടുപ്രാക്കൾക്കൊപ്പം നമ്മളൊത്തു ചേർന്നിടും
കൂട്ടമായി പാട്ടുപാടി നൃത്തമാടുമേ!

3 വേളി വന്നല്ലോ വാനിൽ വേളി വന്നല്ലോ!
മേധമായ കുഞ്ഞാടിന്റെ വേളി വന്നല്ലോ!
രക്തത്താൽ വിശുദ്ധരായ കാന്തയാം നമ്മെ
കർത്തൻ തിരുമാർവ്വിൽ ചേർക്കും സത്വരം നമ്മെ-

4 കാലമായല്ലോ ആഹാ! കാലമായല്ലോ!
കാന്തനൊത്തു വിശ്രമിപ്പാൻ കാലമായല്ലോ!
ആ മണവറയ്ക്കകത്തു പൂകിടും നമ്മൾ
ആനന്ദത്തിൻ വീണ മീട്ടി പാടിടും മേലിൽ-

**K.V.J.**